# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

**മാർത്തോമ്മാ സണ്ടേസ്കൂൾ സമാജം പ്രസിഡന്റ് ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പായിൽ നിന്നും**

*സർക്കുലർ നമ്പർ 120*

കർത്താവിൽ പ്രിയരെ,

നിങ്ങൾക്ക് ശുഭം വർദ്ധിച്ചുവരുമാറാകട്ടെ

കർത്താവിന്റെ തിരുസഭയിൽ 112 വർഷം ക്രിസ്തീയ വിദ്യാഭ്യാസം നിർവ്വഹിക്കുവാൻ ദൈവം തിരഞ്ഞെടുത്ത് നിയമിച്ച സംഘടനയാണ് മാർത്തോമ്മാ സണ്ടേസ്കൂൾ സമാജം. പിതാക്കന്മാരിലൂടെ ലഭിച്ച ദൈവീക മർമ്മങ്ങൾ പുതിയ തലമുറയിലേക്ക് സന്നിവേശിപ്പിക്കുവാൻ സമാജത്തിന് കഴിയണം. രക്ഷകനായ യേശുവിനെ അറിയുവാനും, മനസ്സിലാക്കുവാനും ആ ക്രിസ്തു വിശ്വാസത്തിൽ ഉറയ്ക്കുന്നതിനും സഭയിലെ കുട്ടികളെ സജ്ജമാക്കുന്നതിന് ഈ നാളുകളിൽ സമാജം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സണ്ടേസ്കൂൾ അഭ്യസനമില്ലാതെ ഒരു കുട്ടിയും ഉണ്ടായിരിക്കരുത്. ദൈവ വചനത്തോടും സഭയോടും സമൂഹത്തോടും ബന്ധമുള്ള ഒരു പുത്തൻ തലമുറയെ കരുതലോടെ അഭ്യസിപ്പിക്കുവാൻ നമുക്ക് കഴിയണം. സമാജത്തെ ഓർക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും നവംബർ മാസം 5-ാം തീയതി ഞായറാഴ്ച വേർതിരിച്ചിരിക്കണം. സണ്ടേസ്കൂൾ ദിനമായി അന്ന് കൊണ്ടാടണം. ആരാധനയിൽ കുട്ടികൾക്ക് പ്രാമുഖ്യം കൊടുക്കണം. അഖിലലോക സണ്ടേസ്കൂൾ ദിനമായി അന്നേ ദിവസം ആചരിക്കുന്നു. സമാജത്തിനു വേണ്ടിയിട്ടുള്ള സ്തോത്രകാഴ്ചയിൽ ഔദാര്യമായി പങ്കെടുക്കുക.

സെക്രട്ടറിമാരുടെ കോർട്ടേഴ്സിന്റെ കൂദാശ നിർവ്വഹിക്കപ്പെട്ടു. അസിസ്റ്റന്റ് സെക്രട്ടറിയായി കഴിഞ്ഞ 5 വർഷം സ്തുത്യർഹമായ ശുശ്രൂഷ നിർവഹിച്ച ദിവ്യശ്രീ. പ്രിൻസ് വർഗ്ഗീസ് കശീശ്ശായ്ക്ക് പകരം ദിവ്യശ്രീ. ടോണി ഈപ്പൻ വർക്കി കശ്ശീശ്ശാ നിയമിതനായിരിക്കുന്നു. നമ്മുടെ സണ്ടേസ്കൂൾ കുട്ടികൾ എല്ലാവരും ആരാധനയിൽ പങ്കു കൊള്ളുന്നുവെന്ന് ചുമതലക്കാർ ഉറപ്പു വരുത്തണം. കഴിവതും ആരാധനയ്ക്കു ശേഷം സണ്ടേസ്കൂൾ പഠനം ആരംഭിക്കുന്നത് അഭികാമ്യമാണ്. നമ്മുടെ കുട്ടികളുടെ കലാസാഹിത്യ അഭിരുചികൾ വർദ്ധിപ്പിക്കുന്നതിന് സണ്ടേസ്കൂളിനോട് ചേർന്ന് സണ്ടേസ്കൂളിന്റെ ഭാഗമായി എല്ലാ ഇടവകകളും ബാലസമാജം ആരംഭിക്കണം എന്ന പൊതുയോഗത്തിന്റെ താത്പര്യവും നിങ്ങളെ അറിയിക്കുന്നു.

ദൈവം കണക്കു ചോദിക്കും എന്ന ചിന്തയിൽ ദൈവദാനമായ കുഞ്ഞുങ്ങളെ പത്ഥ്യോപദേശത്തിലും സത്യവിശ്വാസത്തിലും ഉറപ്പിക്കുന്നതിന് ഏവരും ഉത്സാഹിക്കുക.

കർത്താവ് അനുഗ്രഹിക്കട്ടെ.

ക്രിസ്താബ്ദം 2017 ഒക്ടോബർ മാസം 10-ാം തീയതി തിരുവനന്തപുരം മാർത്തോമ്മാ അരമനയിൽ നിന്നും

**ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പാ**